# Malayala Manorama

# 28 August 2018

# Thiruvananthapuram, Flood Victims, Relief Camp

## 1,093 ക്യാംപുകളിലായി 3,42,699 പേർ

■ എല്ലാ സ്കൂളുകളിലെയും ക്യാംപുകൾ ഇന്ന് നിർത്തും, പകരം സംവിധാനം ഒരുക്കുന്നു

**മനോരമ ലേഖകർ**

തിരുവനന്തപുരം ● ഇന്നലെ വൈകുന്നേരത്തെ കണക്കനുസരിച്ച് സംസ്ഥാനത്ത് 1,093 ദുരിതാശ്വാസ ക്യാംപുകളിലായി ഇപ്പോൾ 3,42,699 പേർ. ദുരിതാശ്വാസ ക്യാംപുകളിൽ നിന്ന് ആളുകൾ വീടുകളിലേക്കു മടങ്ങിപ്പോവുകയാണെങ്കിലും കുറച്ചു ദിവസം കൂടി ക്യാംപുകൾ തുടരേണ്ടിവരുമെന്നു മുഖ്യമന്ത്രി പിണറായി വിജയന്റെ അധ്യക്ഷതയിൽ കൂടിയ ഉന്നതതല യോഗം വിലയിരുത്തി.

ഭക്ഷണം നൽകാൻ ആവശ്യമായ സാധനങ്ങൾ ക്യാംപുകളിൽ സ്റ്റോക്കുണ്ട്. വെള്ളം കെട്ടിക്കിടക്കുന്ന പ്രദേശങ്ങളിൽ പമ്പ് ഉപയോഗിച്ചു വെള്ളം ഒഴിവാക്കാനുള്ള പ്രവർത്തനങ്ങൾ നടക്കുന്നു.

കിണറുകൾ മലിനമായ സ്ഥലങ്ങളിലും ശുദ്ധജല വിതരണം മുടങ്ങിയ സ്ഥലങ്ങളിലും ജലഅതോറിറ്റി വെള്ളം വിതരണം ചെയ്യുന്നുണ്ട്. കുട്ടനാട്, ചെങ്ങന്നൂർ മേഖലകളിൽ വാട്ടർ കിയോസ്കുകൾ സ്ഥാപിക്കും. പുറമെ വീടുകളിലും വെള്ളം വിതരണം ചെയ്യുന്നുണ്ട്.

യോഗത്തിൽ ചീഫ് സെക്രട്ടറി ടോം ജോസ്, പൊലീസ് മേധാവി ലോക്നാഥ് ബെഹ്റ, ആഭ്യന്തര അഡീഷനൽ ചീഫ് സെക്രട്ടറി സുബ്രതോ ബിശ്വാസ്, ആരോഗ്യ അഡീഷനൽ ചീഫ് സെക്രട്ടറി രാജീവ് സദാനന്ദൻ തുടങ്ങിയവർ പങ്കെടുത്തു.

### ക്യാംപുകളുടെയും അവ പ്രവർത്തിച്ച സ്കൂളുകളുടെയും നില ഇങ്ങനെ:

■ തിരുവനന്തപുരം: രണ്ടു ക്യാംപുകളിലായി ഇപ്പോഴുള്ളത് 15 പേർ മാത്രം. ആനാട് ബഡ്സ് സ്കൂളിൽ മൂന്നു കുടുംബങ്ങളിലെ ഒൻപതു പേരും മല്ലമ്പ്രക്കോണം അങ്കണവാടിയിൽ രണ്ടു കുടുംബങ്ങളിലെ ആറു പേരുമാണ് കഴിയുന്നത്. ഇവരും ഉടൻ തന്നെ വീടുകളിലേക്ക് മടങ്ങിയേക്കും.

■ **കൊല്ലം:** ക്യാംപ് ഒരു സ്കൂളിൽ മാത്രം. നാലു കുടുംബങ്ങളിലെ 13 പേർ കഴിയുന്നു. ദുരിതാശ്വാസ ക്യാംപുകൾ പ്രവർത്തിച്ചിരുന്ന സ്കൂളുകളിൽ ശുചീകരണം ഉറപ്പാക്കുന്നതിനു വില്ലേജ് ഓഫിസർമാരെ കലക്ടർ ചുമതലപ്പെടുത്തിയിട്ടുണ്ട്.

■ **പത്തനംതിട്ട:** 102 ക്യാംപുകളാണ് തുടക്കത്തിൽ ഉണ്ടായിരുന്നത്. ഇതിൽ പകുതിയോളം സ്കൂളുകളിലായിരുന്നു. നിലവിൽ നിരണം ഭാഗത്തെ ഒരു സ്കൂൾ ഒഴിച്ച് ബാക്കിയെല്ലാ സ്കൂളുകളിലെയും ക്യാംപുകൾ നിർത്തി പകരം സ്ഥലം കണ്ടെത്തി. ക്യാംപുകളായിരുന്ന സ്കൂളുകളെല്ലാം വൃത്തിയാക്കൽ പൂർത്തിയായി. എല്ലാ സ്കൂളുകളും ഓണാവധി കഴിഞ്ഞ് തുറക്കുമെന്നും അധികൃതർ പറഞ്ഞു. ഇപ്പോൾ ആകെയുള്ളത് 88 ക്യാംപുകളിലായി 16,638 പേർ.

■ **ആലപ്പുഴ:** 457 ക്യാംപുകളിലായി 1.5 ലക്ഷത്തോളം ആളുകളുണ്ട്. മിക്ക ക്യാംപുകളും ഇന്ന് അടയ്ക്കുമെന്ന് അധികൃതർ പറയുന്നു. പരമാവധി സ്കൂളുകൾ ഒഴിവാക്കാൻ തഹസിൽദാർമാർക്കു നിർദേശം നൽകിയിട്ടുണ്ട്. ജില്ലയിൽ 141 സ്കൂളുകളാണ് ക്യാംപായി പ്രവർത്തിക്കുന്നത്.

■ **കോട്ടയം:** 44 സ്കൂളുകളിലെ ക്യാംപുകൾ മാറ്റി സ്ഥാപിക്കും. ഇതിനായി 25 കേന്ദ്രങ്ങൾ കണ്ടെത്തി.

■ **ഇടുക്കി:** ആകെ 15 ദുരിതാശ്വാസ ക്യാംപുകളിലായി 906 പേരാണുള്ളത്. സ്കൂളുകളിലെ ഒൻപതു ക്യാംപുകൾ മറ്റു സ്ഥലങ്ങളിലേക്കു മാറ്റും. ശുചീകരണം ഇന്നലെ വൈകിട്ടു പൂർത്തിയായി.

■ **എറണാകുളം:** ജില്ലയിൽ 230 സ്കൂളുകളാണു തുടക്കത്തിൽ ദുരിതാശ്വാസ ക്യാംപുകളായി പ്രവർത്തിച്ചിരുന്നത്. ഇവയെല്ലാം ഘട്ടംഘട്ടമായി പൂട്ടിക്കഴിഞ്ഞു. ശുചീകരണ ജോലികൾ 80 ശതമാനത്തോളമായെന്ന് അധികൃതർ പറയുന്നു. നാളെ ക്ലാസുകൾ ആരംഭിക്കും.

■ **തൃശൂർ:** ക്യാംപ് പ്രവർത്തിച്ചിരുന്ന 112 സ്കൂളുകളിലെയും ആളുകളെ പാർപ്പിക്കാൻ പകരം 70 കേന്ദ്രങ്ങൾ കണ്ടെത്തി.

■ **പാലക്കാട്:** അഞ്ച് ക്യാംപുകളിൽ രണ്ടെണ്ണം മാത്രം സ്കൂളുകളിൽ. പകരം സ്ഥലങ്ങൾ കണ്ടെത്തി.

■ **മലപ്പുറം:** ഒരു സ്കൂളിൽ മാത്രമാണ് ക്യാംപുള്ളത്. മറ്റൊരു സ്ഥലം കണ്ടെത്തും.

■ **വയനാട്:** 16 സ്കൂളുകളിൽ ദുരിതാശ്വാസ ക്യാംപുകൾ പ്രവർത്തിക്കുന്നു. ഇവരെ ഇന്നു തന്നെ മറ്റു സ്ഥലങ്ങളിലേക്കു മാറ്റും.

■ **കണ്ണൂർ:** കൊട്ടിയൂർ ഐജെഎം ഹയർസെക്കൻഡറി സ്കൂളിൽ പ്രവർത്തിച്ചിരുന്ന ജില്ലയിലെ ഏക ദുരിതാശ്വാസ ക്യാംപ് പിരിച്ചുവിട്ടു.

■ **കാസർകോട്:** ഏക ദുരിതാശ്വാസ ക്യാംപായിരുന്ന സ്കൂൾ അധ്യയനത്തിനു തയാറായി.